No. AWWF/D1/1862/16

കേരള അങ്കണവാടി വർക്കേഴ്സ് ആന്റ്
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 20.02.2017

## സർക്കുലർ II

വിഷയം:- സാമൂഹ്യനീതി വകുപ്പ് - അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് അംഗങ്ങളായുള്ള വർക്കർ/ഹെൽപ്പർമാരുടെ 12.11.2015 ന് മുൻപ് ഉള്ള മരണാനുകൂല്യം, രാജി വച്ച ആനുകൂല്യം നൽകുന്നതിനുള്ള അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) നിയമ (നിയമ നിർമ്മാണം എച്ച്) വകുപ്പ് 21380/ലെഗ്.എച്ച്-1/2015/നിയമം നമ്പറിലെ 29.09.2015 ലെ വിജ്ഞാപനം

2) സാമൂഹ്യനീതി വകുപ്പ് സ.ഉ(പി) നമ്പർ-69/2015 സാ.നീ.വ തീയതി 12.11.2015

3) ഈ കാര്യാലയത്തിലെ 15.11.2016 ലെ ഇതേ നമ്പർ സർക്കുലർ

സൂചന 3 ലെ സർക്കുലർ പ്രകാരം 12.11.2015 ന് മുൻപ് രാജി വച്ചതും മരണപ്പെട്ടതുമായ അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ മേൽ സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുള്ള തീയതിയിൽ നൽകാൻ കഴിയാത്ത ശിശു വികസന പദ്ധതി ഓഫീസർമാർ 12.11.2015 ന് മുൻപ് അവശേഷിക്കുന്ന അപേക്ഷകളോടൊപ്പം താങ്കളുടെ പ്രോജക്ടിൽ 12.11.2015 ന് മുൻപ് രാജി വച്ചതോ മരണപ്പെട്ടതോ ആയ അങ്കണവാടി ജീവനക്കാരുടെ അപേക്ഷകൾ യാതൊന്നും അവശേഷിക്കുന്നില്ല എന്ന റിപ്പോർട്ട് അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് 28.02.2017 മുൻപ് എഴുതി നൽകേണ്ടതും, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പ്രസ്തുത അപേക്ഷകളും, ശിശു വികസന പദ്ധതി ഓഫീസർമാർ നൽകുന്ന റിപ്പോർട്ടിന്റെ പകർപ്പ് അറ്റസ്റ്റ് ചെയ്ത് താങ്കളുടെ ജില്ലയിൽ 12.11.2015 ന് മുൻപ് പ്രസ്തുത അപേക്ഷകൾ അവശേഷിക്കുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തിയ കത്ത് സഹിതം 10.03.2017 ന് മുൻപായി ഈ കാര്യാലയത്തിൽ നൽകുന്നതിന് നിർദ്ദേശിക്കുന്നു.

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
വെബ്സൈറ്റ്
സ്റ്റോക്ക് ഫയൽ